# കഥാകവിതകൾ - 6

# *മരണാനന്തര ജീവിതത്തിനൊരു ഡ്രെസ്സ് റിഹേഴ്സൽ*

**[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]**

കൊന്തയുരുട്ടും
വിരൽസ്പർശ വൈദ്യുതീ-
മണിബന്ധലോഹ
സവർണ്ണ ചാലകത്തിൽ
ളോഹയ്ക്കടിയിലെ
ഇരുമ്പു ക്രൂശിതബിംബം,
കിണർനീർ സ്ഥാനനിർണ്ണയ
ജലയുറവ കണ്ടപോലെ,
ഹൃദയമിടിപ്പിൻ തുടിപ്പിന്നുപരി
ചാഞ്ചാടുമോർമ്മ.

പാപമോചനക്കടം
നിശ്ചയിച്ചരുളിയതും,
പാപക്കറ
പരമശ്വാസത്തിൽ
ആന്തര നാഡീഞരമ്പിലലിഞ്ഞതും,
രോഗാതുരക്കിടയ്ക്കയിലാഴ്ന്നതും,
ഉറക്കമില്ലാതുരുളുന്ന ഇടയന്റെ
നാളത്തെ മരിച്ച സകലാത്മദിനത്തെ
പ്രകടപ്രസംഗക്കുറിപ്പിലെ
ഉപമയും ഉപകഥയും
മനച്ചുമരിൽ
ഉടുവസ്ത്രമുരിഞ്ഞ
ക്യൂബിസ്റ്റു ഗുഹാച്ചിത്രം.

പാർത്ഥരഥത്തിൽ കർത്താവാടിയ

ശുദ്ധമദ്ദളത്താളം
കരിംവസ്ത്രക്കുഴിമാടപ്പൂവിലെ
കത്തിത്തീർന്നുരുകിയൊലിച്ച
ഇന്ധന മെഴുതിരിയൊറ്റിൽ
പ്രഭാഷകന്റെ മരണച്ചിറകടി
തിരുവാക്കൊച്ചയായ്
തിരികെയെത്തും അല —
വൈദികക്കോളറിൽ പൊടിയും
സെല്ലുലോയിഡ് ഭസ്മം.

"മരണം വരുമൊരുനാൾ..."
ഭയാനകഗീതകപ്പല്ലവി
കുഴിക്കുള്ളിൽ നീട്ടിപ്പാടി,
ഉൾക്കോശവിഭജന രസമായ്,
അപകടബിംബമാം
തലയോട്ടിയും ചാഞ്ഞുതാങ്ങും രണ്ടെല്ലും
നെഞ്ചകത്തിൽ സമ്മർദ്ധവായുവായ്
നിത്യനിദ്രാസ്തുതിയിൽ
കർത്താവിൽ പ്രാപിക്കും ചരണം പാടി
ദേവന്റെ ചരണത്തിൽ അടയിരിക്കും
നിശാസ്വപ്നം സ്വപാനമാക്കിയ
സ്വയം തട്ടിയുറക്കിയുണർത്തും
പ്രഭാതഭേരീസ്തവം.

തുടർക്കാലത്തെ
തിരുകർമ്മയന്ത്യക്കുറിയിലെ
തലങ്ങുംവിലങ്ങും ആടിയ
തിരുവാഴ്‌വിൻ ആശീർവ്വാദ-
ഹസ്തമുദ്ര നിപതിച്ച്
ടെലിഫോണക്കനിറവിൽ
വിളികാത്ത് കട തുറക്കും
ഭക്തജനത്തെരുവ്:
അജം ചത്തു ഗജമാകുന്നതും
സുരൻ അസുരനാകുന്നതും
നൃപൻ കൃമിയായ് പിറന്നതും

ഈച്ച പൂച്ചയായതും
പാഠഭേദ മാന്ത്രിക തത്ത്വക്കുടുക്ക
ചൊരിയുന്ന ഓർമ്മയിൽ
മണിമഞ്ചം മറന്ന്
മഞ്ചയിൽ
അന്ത്യദിന മലർപ്പായ്
നിതാന്ത കാത്തിരിപ്പിൻ
ശൈത്യവിറയലിൽ കിടക്കും
അതിനിമിഷ ഫോട്ടോക്കു
നാടകാന്തക്കവിത്വം ചാർത്താൻ
അതിമന്ദ്രസ്ഥായിയിൽ ഭാഷാന്തരീയം.

മഞ്ച വിൽപ്പനക്കാരനും
കൊന്ത-വെന്തിങ്ങ വാണിഭക്കാരനും
പിച്ചകമാല കോർക്കുന്നോനും
സുഗന്ധവ്യഞ്ജനക്കടയുടയോനും
ഡിജിറ്റൽച്ചിത്ര നിർമ്മാതാവും
കൂട്ടുചേരും സ്വയംഭരണ സംഘത്തലവൻ,
ഉച്ചയ്ക്കരിവേവും മുമ്പേ
***ദ്രവ്യപ്പരൽപ്രദർശന സ്ക്രീനിൽ –
സ്കൈപ്പിൽ –
ശവമഞ്ചയിലെ ശവാസനം
ദിവ്യദർശനമാക്കുന്നു!
*****************************************************************

***Liquid Crystal Display (LCD)